# സ്വയം വിരമിക്കൽ പദ്ധതി ബി.എസ്.എൻ.എൽ.നെ രക്ഷിക്കുമോ?

BSNL ന്റെ പുനരുദ്ധാരണത്തിനായി പഠനം നടത്തിയ അഹമ്മദാബാദ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചതുമുതൽ ബി.എസ്.എൻ.എൽ.ലിൽ വി.ആർ.എസ്. സജീവ ചർച്ചാവിഷയമായിട്ടുണ്ട്. 50 വയസിനു മുകളിലുളളവർക്ക് വി.ആർ.എസ്. നടപ്പാക്കിയും വിരമിക്കൽ പ്രായം 58 ലേക്ക് കുറച്ചും ബി.എസ്.എൻ.എൽ.നെ രക്ഷിക്കാം എന്നതാണ് റിപ്പോർട്ടിലെ പ്രധാന ശുപാർശകളിൽ ഒന്ന്.

ചെറുപ്പക്കാരായ ബി.എസ്.എൻ.എൽ. ജീവനക്കാർ, പ്രത്യേകിച്ച് ബി.എസ്.എൻ.എൽ. നേരിട്ടു നിയമിച്ചവർ ആണ് പ്രധാനമായും വി.ആർ.എസ്.നെയും 58 വിരമിക്കൽ പ്രായത്തെയും അനുകൂലിക്കുന്നത്. ബി.എസ്.എൻ.എൽ. ഇപ്പോൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഈ നീക്കം പ്രയോജനപ്പെടുമെന്ന് അവർ വിശ്വസിക്കുന്നു. ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക സ്ഥിതിയും, ശമ്പളം മുടങ്ങിയതും 50 വയസിനു മുകളിലുള്ള ജീവനക്കാരിലും ഈ അഭിപ്രായം ശക്തിപ്പെടാൻ കാരണമായി.

35000 ജീവനക്കാരെ വി.ആർ.എസ്.ലൂടെ പുറത്താക്കാനാണ് ബി.എസ്.എൻ.എൽ. മാനേജ്മെന്റ് നീക്കം. ഇതിനാവശ്യമായ ഭീമമായ തുക ആരു നൽകും എന്നതാണ് പ്രശ്നം. ഏതായാലും ബി.എസ്.എൻ.എൽ.ന് ഇതു സാധ്യമല്ല - ഇത്ര ഭീമമായ തുക ഗവൺമെന്റ് നൽകാൻ തയ്യാറാവുമെന്നു തോന്നുന്നില്ല.

പ്രധാന ചോദ്യം ഇതല്ല. ബി.എസ്.എൻ.എൽ.ലെ ചെറുപ്പക്കാരായ ജീവനക്കാർ കരുതുന്നപോലെ, വി.ആർ.എസ്.ഉം, വിരമിക്കൽ പ്രായം 58 എന്നതും ബി.എസ്.എൻ.എൽ. നെ രക്ഷിക്കാൻ പ്രാപ്തമാണോ? ഒരിക്കലും അല്ല എന്നതാണ് ഉത്തരം. ബി.എസ്.എൻ.എൽ.ന്റെ ഈ ദു:സ്ഥിതിക്കു കാരണം മനുഷ്യശേഷിയുടെ വലിപ്പമല്ല, മറിച്ച് കേന്ദ്രഗവൺമെന്റിന്റെ ബി.എസ്.എൻ.എൽ. വിരുദ്ധ നയങ്ങളാണ്. മനുഷ്യശേഷിയുടെ വലിപ്പം കുറക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത്, സ്വകാര്യ മുതലാളിമാർക്ക് ബി.എസ്.എൻ.എൽ.നെ വിൽക്കാൻ എളുപ്പമാകും എന്നു കരുതിയിട്ടാണ്. പൊതുമേഖലയെ തകർക്കുകയും, സ്വകാര്യ മേഖലയെ ഊട്ടി വളർത്തുകയുമാണ് കേന്ദ്ര ഗവൺമെന്റിന്റെ എന്നത്തെയും നയസമീപനം. ചുവടെക്കാണിക്കുന്ന ചില ഉദാഹരണങ്ങൾ ഇതു വ്യക്തമാക്കും.

ഇന്ത്യയിൽ 1995 ൽ മൊബൈൽ സേവനം തുടങ്ങിയപ്പോൾ സ്വകാര്യ കമ്പനികൾക്കു മാത്രമായിരുന്നു ലൈസൻസ് നൽകിയത്. അന്ന് ടെലികോം സേവനദാതാവായിരുന്ന ഡി.ഒ.ടി.ക്ക് ലൈസൻസ് നൽകിയില്ല. ടെലികോം സേവനരംഗത്ത് തുല്യ പങ്കാളിത്തത്തിനായി രൂപംനൽകിയ ബി.എസ്.എൻ.എൽ. ന് മൊബൈൽ ലൈസൻസ് ലഭ്യമായത് 2002 ൽ മാത്രം. സ്വകാര്യ കമ്പനികൾക്ക് മൊബൈൽ രംഗം പിടിച്ചടക്കാൻ സൗകര്യമൊരുക്കുകയായിരുന്നു ഇതിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യമിട്ടത്.

മൊബൈൽ രംഗത്ത് ഒന്നാംസ്ഥാനക്കാരനായിരുന്ന എയൽടെലിനെ പിന്തള്ളിക്കൊണ്ട്, 2002 ൽ രംഗപ്രവേശം ചെയ്ത ബി.എസ്.എൻ.എൽ. 2004 ആയപ്പോഴേക്കും ഒന്നാമതായി. അതിനുശേഷം 6-7 വർഷക്കാലത്തോളം മൊബൈൽ ഉപകരണങ്ങൾ

വാങ്ങാനുള്ള ടെണ്ടറുകൾ ഒന്നിനുപുറകെ മറ്റൊന്നായി റദ്ദാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റുതന്നെ ബി.എസ്.എൻ.എൽ. വികസനത്തിനുള്ള പ്രധാന മാർഗ്ഗതടസം സൃഷ്ടിച്ചു.

2004-05 ൽ ഇന്നുള്ളതിനേക്കാൾ ഒരുലക്ഷത്തിലേറെ ജീവനക്കാരുണ്ടായിരുന്ന സമയത്ത്, ബി.എസ്.എൻ.എൽ. നേടിയ അറ്റലാഭം 10,000 കോടിയായിരുന്നു എന്നത് ഓർക്കണം. ജീവനക്കാരുടെ വർദ്ധനയല്ല ബി.എസ്.എൻ.എൽ.ന്റെ ദുരവസ്ഥയ്ക്കു കാരണം എന്നു മനസ്സിലാക്കാൻ ഇതിൽപ്പരം തെളിവ് വേറെ വേണ്ട. ഈ ദുരവസ്ഥ യിലും ജീവനക്കാരെ പുതുതായി നിയമിക്കുന്നുമുണ്ട്. ബി.എസ്.എൻ.എൽ.നെ നശി പ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ബി.എസ്.എൻ.എൽ. വിരുദ്ധ, സ്വകാര്യ പ്രീണനന യങ്ങളാണ് എന്ന് വ്യക്തം.

MTNL ൽ രണ്ടുതവണ വി.ആർ.എസ്. നടപ്പാക്കിയിട്ടും, സ്ഥാപനം രക്ഷപ്പെട്ടി ല്ലെന്നു മാത്രമല്ല വീണ്ടും സ്ഥിതി മോശമായി തുടരുകയാണ്. ബി.എസ്.എൻ.എൽ.ന്റെ അനാരോഗ്യത്തിന് വി.ആർ.എസ്. പരിഹാരമാവില്ല എന്നു വ്യക്തം.

റിലയൻസ്ജിയോക്ക് ടെലികോം കമ്പോളം പിടിച്ചടക്കാൻ ഉതകുന്ന രീതിയിൽ എല്ലാ നിയമങ്ങളും, നിബന്ധനകളും കേന്ദ്രഗവൺമെന്റ് വളച്ചൊടിക്കുകയാണ്. ടെലികോം നിരക്കുകൾ ജിയോ കുത്തനെ കുറച്ചതു ചോദ്യം ചെയ്ത ടെലികോം സെക്ര ട്ടറി ശ്രീ.ജെ.എസ്.ദീപക്കിനെ ഡി.ഒ.ടി. നിഷ്കാസനം ചെയ്തത് നാം കണ്ടതാണ്. റെയിൽവേയുടെയും അടുത്തിടെ എയർപോർട്ടുകളുടെയും ടെലികോം സേവനങ്ങൾ ജിയോക്ക് കൈമാറിയതും നാം കണ്ടു. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് നേരിട്ടും അല്ലാ തെയും റിലയൻസ് ജിയോയ്ക്ക് വേണ്ടിയാണ് നിലകൊള്ളുന്നതെന്നും, ഗവൺമെന്റ് കമ്പനിയായ ബി.എസ്.എൻ.എൽ.ന് വേണ്ടിയല്ലെന്നും വ്യക്തമാകാൻ മറ്റെന്തുതെളിവു വേണം.

അടുത്തകാലത്ത് ജെറ്റ് എയർവേസ് എന്ന സ്വകാര്യ വിമാനകമ്പനിക്കുണ്ടായ പ്രതിസന്ധി മറികടക്കാൻ 1500 കോടി രൂപ നൽകി സഹായിക്കാൻ എസ്.ബി.ഐ.യോട് ഇന്ത്യൻ ധനമന്ത്രി ശ്രീ.അരുൺ ജെയ്റ്റ്ലി നിദ്ദേശിച്ചത് നാം കണ്ടതാണ്. അതേസമയം ബി.എസ്.എൻ.എൽ. ലെ പ്രതിസന്ധി പരിഹരിക്കാൻ കടമെടുക്കാൻ അനുമതി നിഷേ ധിക്കുകയായിരുന്നു ഡി.ഒ.ടി.യും കേന്ദ്രസർക്കാരും. ഈ ഇരട്ടത്താപ്പ് നാം തിരിച്ചറി യണം.

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളിൽ ഒന്ന് ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയാണ്. കഴിഞ്ഞ 18 വർഷങ്ങളായി പലതവണ ഇതിനു ശ്രമിച്ചിട്ടും ബി.എസ്.എൻ.എൽ. ലെ എല്ലാ യൂണി യനുകളും അസോസിയേഷനുകളും ഒറ്റക്കെട്ടായി പൊരുതി ഗവൺമെന്റിന്റെ ഈ നീക്കത്തെ പരാജയപ്പെടുത്തുകയായിരുന്നു.

പ്രത്യേക ടവർ കമ്പനി രൂപീകരണം ഈ നീക്കത്തിന്റെ ഭാഗമായിരുന്നു. ബി. എസ്.എൻ.എല്ലിന്റെ ഓപ്റ്റിക്കൽ ഫൈബർ ശൃംഖല തീറെഴുതാനും ചർച്ചകൾ നടക്കുന്നു. ഇവ അനുവദിച്ചാൽ ബി.എസ്.എൻ.എൽ. വില്പനയിലേക്കായിരിക്കും ചെന്നെത്തുക. അതിനാൽ വി.ആർ.എസ്., വിരമിക്കൽ പ്രായം 58 ആക്കൽ ഇവയെ ചെറുത്തുതോല്പിച്ചേ മതിയാകൂ.